# കുരിശുയുദ്ധത്തെപ്പറ്റി ഒരു കോമഡി

കെ. യു. അബ്ദുൾ ഖാദർ



കുരിശുയുദ്ധത്തെപ്പറ്റി ഒരു കോമഡി

K. U. Abdul Khader

(Malayalam: Short story)

© 2020, K. A. Aishabi

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Vue d'un village, Céret en Roussillon, a painting by Chaim Soutine (1893–1943). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

## കെ. യു. വിനെ കുറിച്ച് അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തായ കെ. എം. ലെനിൻ അനുസ്മരിക്കുന്നു.



കെ. യു. അബ്ദുൾ ഖാദർ

സുഹൃത്തുക്കൾ കെ. യു. എന്നു വിളിക്കുന്ന കെ. യു. അബ്ദുൾ ഖാദർ പുതിയ തലമുറക്ക് ആരുമല്ല. കാരണം എഴുത്തുകാരനെന്ന നിലയിൽ നാലര പതിറ്റാണ്ടുമുമ്പേ അദ്ദേഹം അന്തരിച്ചുകഴിഞ്ഞിരുന്നു. കോവിലൻ ഇടയ്ക്കിടെ പറയാറുണ്ടായിരുന്നത് ഓർത്തുപോവുകയാണ്: 'ജീവിച്ചിരിക്കുമ്പോൾ മരിച്ചുപോവുന്ന പണിയാണ് എഴുത്തുകാരന്റേത്'. എന്നാൽ 1950-കളിലും 60-കളിലും നവയുഗം, ജനയുഗം, മാതൃഭൂമി, കെ. ബാലകൃഷ്ണന്റെ കൗമുദി എന്നീ വാരികകളിൽ പ്രസിദ്ധീകരിച്ചിരുന്ന അദ്ദേഹത്തിന്റെ കഥകൾക്ക് അന്ന് ഏറെ വായനക്കാരുണ്ടായിരുന്നു. 1954-ൽ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ കഥാസമാഹാരവും എം. ടി. യുടെ പുസ്തകവും ഒന്നിച്ചായിരുന്നു ഗ്രന്ഥലോകം മാസികയിൽ നിരൂപണം ചെയ്യപ്പെട്ടതെന്ന് ഞാൻ വ്യക്തമായി ഓർക്കുന്നു. എം. ടി. യുടെയും അബ്ദുൾ ഖാദറിന്റെയും കഥകളാണെങ്കിൽ വായനക്കാർക്ക് ഹരമാണ് എന്ന് അർത്ഥം വരുന്ന വാക്കുകളിൽ എം. ടി. യോടൊപ്പം നിർത്തി അദ്ദേഹത്തെ നിരൂപകൻ പ്രശംസിക്കുകയുമുണ്ടായി.

1952-നും 1956-നും ഇടയിലുള്ള നാല് വർഷമാണ് ഏറ്റവുമധികം കഥകൾ അദ്ദേഹം എഴുതിയത്. 18 വയസ്സിനും 22 വയസ്സിനുമിടയിലായിരുന്നു സർഗാത്മകത അദ്ദേഹത്തിന്റെ ഭാവനയെ കാര്യമായി ആശ്ലേഷിച്ചിരുന്നതെന്ന് തോന്നുന്നു. അധികവും പ്രസിദ്ധീകരിച്ചുവന്നത് കൗമുദിയിലും നവയുഗത്തിലുമായിരുന്നു. ചെന്നൈയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ജയകേരളം വാരികയിലും അദ്ദേഹം കഥകളെഴുതിയിരുന്നു. അന്ന് ജയകേരളം പത്രാധിപസമിതിയംഗമായിരുന്ന പവനൻ തന്റെ ആത്മകഥയിൽ ഖാദറിന്റെ കഥകളെപറ്റി പരാമർശിച്ചത് വായിച്ചതായി ഓർക്കുന്നു.

1957-ൽ സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചതോടെ ആയിരിക്കണം നിരന്തരമായ എഴുത്ത് ഇല്ലാതായത്. ആദ്യ കമ്യൂണിസ്റ്റ് സർക്കാരിന്റെ കാലത്ത് ആഭ്യന്തരമന്ത്രി സി. അച്യുതമേനോന്റെ പ്രൈവറ്റ് സെക്രട്ടറിയായി പാർട്ടി നിശ്ചയിച്ചത് ഖാദറിനെ ആയിരുന്നു. 1959 ജൂലായ് 31-ന് കേന്ദ്രസർക്കാർ ആദ്യ ഇ. എം. എസ് മന്ത്രിസഭ പിരിച്ചുവിട്ടുന്നതുവരെ അദ്ദേഹം ആ ജോലി സ്തുത്യർഹമായി നിർവഹിച്ചിരുന്നു. 1990-ൽ റിട്ടയർ ചെയ്യുമ്പോൾ ഖാദർ കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറുടെ സെക്രട്ടറി ആയിരുന്നു.

1968 വരെ ചുരുക്കമായെങ്കിലും പില്ക്കാലത്തും അബ്ദുൾ ഖാദർ കഥകളെഴുതിയിരുന്നു. 60-കളിൽ വല്ലപ്പോഴുമെഴുതിയിരുന്ന അദ്ദേഹത്തിന്റെ കഥകൾ ഇടം കണ്ടെത്തിയിരുന്നത് മാതൃഭൂമി വാരികയിലായിരുന്നു. എന്നാൽ ജനയുഗത്തിന്റെയും നവയുഗത്തിന്റെയും വിശേഷാൽ പതിപ്പുകളിൽ സ്ഥിരമായി ആ കഥകൾ പ്രത്യക്ഷപ്പെട്ടിരുന്നതായി ഓർക്കുന്നു. ഏറ്റവുമൊടുവിലത്തേത് 1968-ൽ പ്രസിദ്ധീകരിച്ച 'ആരോ ഒരാൾ' ആണെന്നു തോന്നുന്നു.

തന്റെ 'വെറും പെണ്ണ്' എന്ന ആദ്യ പുസ്തകം യാദൃച്ഛികമായി ഒന്നുകൂടി വായിക്കാനിടയായ അനുഭവത്തെപ്പറ്റി 1960-കളിൽ എപ്പോഴോ അദ്ദേഹത്തിന്റെ ഒരു കത്തിലെ സൂചന ഓർമ്മയിലെത്തുന്നു. തന്റെ ബാല്യത്തിൽ എഴുതിയ അപക്വമായ ആ കഥകൾ പുസ്തകമാക്കാനിടയായതിനെ സംബന്ധിച്ച വിഷമം ആ വരികളിലുണ്ടായിരുന്നു.

# കരിശുയുദ്ധത്തെപ്പറ്റി ഒരു കോമഡി

മാഞ്ചുവട്ടിൽ മാങ്ങ വീണിട്ടുണ്ടോ എന്നു നോക്കാൻ ചെന്നതായിരുന്നു. കണ്ടപ്പോൾ വിസ്മയംകൊണ്ട് തുള്ളിച്ചാടാൻ തോന്നിപ്പോയി. വലിയ തുകൽപ്പെട്ടി തൂക്കിപ്പിടിച്ച്, ചുണ്ടിൽ പരിഭ്രമം കലർന്ന പുഞ്ചിരിയുമായി അയാൾ ഗേറ്റിനപ്പുറം വന്നു നിൽക്കുന്നു. വെളുത്ത ദേഹം രക്തകാന്തി കലർന്നു കൊഴുത്തു തടിച്ചിരിക്കുന്നു. കവിളുകൾ പണ്ടത്തേതിലും തുടുക്കുകയും കണ്ണുകളിൽ പൊലിയാതെ നിന്നിരുന്ന കുസൃതിയുടേതായ ആ പ്രകാശം ഇരട്ടിക്കുകയും ചെയ്തിട്ടുണ്ട്.

"ഇക്ക!" ആരോടെന്നില്ലാതെ സാഹ്ലാദം മന്ത്രിച്ചുകൊണ്ട്, ചിറകിനു പുതുജീവൻ കിട്ടിയ ഒരു പൂമ്പാറ്റയെപ്പോലെ ഓടിച്ചെന്ന്, അവൾ ഗേറ്റു തുറന്നു. ഭാരമുള്ള തുകൽപ്പെട്ടി അനായാസമായി തൂക്കിപ്പിടിച്ചുകൊണ്ട്, ചുവന്ന ചരലിലൂടെ മന്ദം നടക്കുമ്പോൾ അവളുടെ ചുരുണ്ട തലമുടിയിൽ തടവി വാത്സല്യപൂർവ്വം അയാൾ പറഞ്ഞു. "ഒന്നരക്കൊല്ലം കൊണ്ട് നീ വളർന്ന് ഒരു പെണ്ണായിക്കളഞ്ഞല്ലോ!"

അവൾ ലജ്ജയോടെ ചിരിച്ചുകൊണ്ട് മുഖം കുനിച്ചു. അവളുടെ ഹൃദയത്തിൽ ഒരു ചെറിയ നീറലും അനുഭവപ്പെട്ടു. പ്രിയപ്പെട്ട ഇക്കയെ കണ്ടിട്ട് ഒന്നരവർഷമാകുന്നു. അവസാനം വന്നു പോകുമ്പോൾ വെളുത്ത ദേഹം നന്നെ നേർത്തിരുന്നു. കവിളുകൾ രക്തകാന്തി കലർന്നു തുടുത്തിരുന്നില്ല. ഇത്ര ഓജസ്സും കുസൃതിയുടെ നെയ്ത്തിരി കത്തുന്ന കണ്ണുകളുമുണ്ടായിരുന്നില്ല.

എപ്പോഴും പുഞ്ചിരി തൂവുകയും പാട്ടു മൂളുകയും ചെയ്യുന്ന ഇക്കയെപ്പറ്റി ഓർത്തപ്പോൾ വേദനയും ആഹ്ലാദവും കലർന്ന വികാരമുണ്ടായി. ആ വെളുത്തു നീണ്ട വിരലുകൾ കൊണ്ട് തലമുടിയിൽ തലോടിയിട്ട്, ചെറിയ നുണക്കുഴിയിൽ കിക്കിളിക്കൊള്ളുമാറ് നുള്ളിയിട്ട്, അതിമനോഹരമായി പാട്ടു പാടിക്കേൾപ്പിച്ചിട്ട് കാലമെത്രയായി!

എപ്പോഴും തടിച്ച പുസ്തകവും നോക്കിയിരിക്കുന്ന ഇക്കയെ മഹാൻ എന്നു അവൾ വിളിക്കുമായിരുന്നു. അപ്പോൾ ഇക്ക പറയും: "ചാമ്പയ്ക്കേ! നീ വളരുമ്പോൾ ഞാൻ നിന്നെയൊരു ഡാൻസുകാരിയാക്കും".

"ഡാൻസ് എന്നു വെച്ചാലെന്താ?" അവൾ നിഷ്കളങ്കമായി ചോദിച്ചു.

പെട്ടെന്നു വിരിഞ്ഞ ചെറിയ നുണക്കുഴികളിൽ അരുമയായി നുള്ളിക്കൊണ്ട് കുസൃതിച്ചിരിയോടെ പറഞ്ഞു: "അഴകുള്ള പെൺകുട്ടികളുടെ വളരെ ഭംഗിയേറിയ അപസ്മാരമിളക്കമാണ് ഡാൻസ്".

അവൾക്കു അപമാനബോധമുണ്ടായി. ചുണ്ടുകൾ കൂർപ്പിച്ചു, പിണങ്ങി നിന്നുകൊണ്ട് പറഞ്ഞു: "ഞാനതു ചെയ്യൂല. മനസ്സില്ല".

ഇക്ക വീണ്ടും നുണക്കുഴിയിൽ നുള്ളി ഒരു കൊച്ചു ചന്ദ്രക്കലയുണ്ടാക്കി. "ശരി, ഭവതിയുടെ ഇഷ്ടം. വളർന്നു പെണ്ണാകുമ്പോൾ ഞാൻ നിന്നെ ഒരു മുഴുവൻ ഒട്ടകത്തെ നിർത്തിപ്പൊരിച്ച് വിഴുങ്ങുന്ന, മൂന്നു കെട്ടിയ ഒരു മുട്ടൻ അറബിക്ക് കെട്ടിച്ചു കൊള്ളാം. സമ്മതിച്ചോ?"

"പോ, ഇക്കാ!"

അവൾ ആകെ ലജ്ജിച്ചു ചുവക്കുകയും ദേഷ്യംകൊണ്ട് കാന്താരി മുളകുപോലെ എരിയുകയും ചെയ്തു. ഇക്കായ്ക്ക് കുസൃതി വളരെ കൂടിപ്പോകുന്നു.

ദൂരെയുള്ള ജോലിസ്ഥലത്തുനിന്നു ആഴ്ചയിലൊരിക്കൽ വരുമ്പോൾ സലീം ചിത്രാങ്കിതമായ മധുരബിസ്കറ്റുകൾ വർണ്ണചിത്രങ്ങളുള്ള ടിന്നിൽ അവൾക്കായി കൊണ്ടുവരും. ഇടയ്ക്കെല്ലാം വളരെ മനോഹരമായ പാവാടയും ബ്ലൗസും തയ്പ്പിച്ചു കൊണ്ടുവരികയും ചെയ്യും. അവളുടെ ചാമ്പയ്ക്കാനിറത്തിനിണങ്ങിയ ശീല തിരഞ്ഞെടുക്കാൻ ലോകത്തിൽ സലീം എന്ന മഹാനു മാത്രമെ കഴിയൂ എന്ന പൂർണ്ണവിശ്വാസമായിരുന്നു. മറ്റുള്ളവർ (ബാപ്പയെന്ന ഗംഭീരൻ ഉൾപ്പെടെ) കൊണ്ടുവരുന്ന പീറത്തുണികളും വികൃതമായ ആഭരണങ്ങളും അണിഞ്ഞു മുമ്പിൽ ചെല്ലുമ്പോൾ ഇക്കാ പറയുമായിരുന്നു: "നീയിപ്പോൾ പഞ്ചൻലാമയുടെ പ്രജയെപ്പോലിരിക്കുന്നു".

മഹാൻ സംസാരിക്കുമ്പോൾ വിചിത്രഭാഷയുടെ സാരം മുഴുവൻ എപ്പോഴും മനസ്സിലാകാറില്ല. ആ ഭാഷയിലേ സംസാരിക്കൂ. തുകൽ സഞ്ചി തുറന്നു, മിനുങ്ങുന്ന ബ്ലൗസ്സും പൂവും പൂമ്പാറ്റയും നിറയെയുള്ള ഞെറിച്ചു തുന്നിയ പാവാടയും നക്ഷത്രത്തിന്റെ പ്രകാശമുള്ള കല്ല് പതിച്ച കണ്ഠാഭരണവും എടുത്തു കൊടുത്തിട്ട് ഇക്ക പറഞ്ഞു: "അകത്തുപോയി അണിഞ്ഞ് ഒരു മലയാളിപ്പെണ്ണായി വരൂ!"

വസ്ത്രം ധരിച്ചു, കൺമഷിയെഴുതി, കണ്ഠാഭരണവുമണിഞ്ഞു, ലജ്ജിച്ചു മുമ്പിൽ വന്നപ്പോൾ ഇക്കാ ബഹുകുസൃതിയോടെ ചിരിച്ചു: "ചാമ്പയ്ക്കേ! നീയിപ്പോൾ ശലമോന്റെ നിധികുംഭങ്ങൾക്കു സൃഷ്ടിക്കാൻ കഴിയാത്ത ആമ്പൽപ്പൂവിനേക്കാളും മനോഹരിയാണ്".

"പോ ഇക്കാ!" നിന്നു ചുവന്നു പോയി.

"പോ ചാമ്പയ്ക്കേ!"

രക്ഷയില്ല. ഓടി അകത്തു കയറിക്കളഞ്ഞു. സലീം എന്ന മഹാപുരുഷന്റെ പൊട്ടിച്ചിരി തന്റെ നേരെ ഊരിയെറിഞ്ഞ മണിച്ചിലങ്കകൾ പോലെ പിന്തുടർന്നെത്തുകയും ചെയ്തു.

പിന്നെ അന്തരീക്ഷം ക്രമേണ ഇരുളാൻ തുടങ്ങി. ബന്ധുക്കളുടെ ഇടവിടാതെയുള്ള അപവാദങ്ങളായിരുന്നു കാരണം. ഇക്ക പറയുമായിരുന്നു: "അല്ലാഹു ബന്ധുക്കളെ പടച്ചപ്പോൾ എല്ലാവരിലുമായി പകർന്നു നിറച്ച വിഷത്തിൽ ബാക്കി വന്നതു മാത്രമെ പാപികൾക്ക് കിട്ടിയുള്ളൂ".

ഇക്കയുടെ ജോലിസ്ഥലമായ പട്ടണത്തിൽ പോയി, കോടതിക്കാര്യങ്ങളും വ്യവസായങ്ങളും കഴിഞ്ഞു തിരിച്ചുവന്ന ബന്ധുക്കളിൽ ഒരാൾ പറഞ്ഞു: "സലീം വഴി തെറ്റാതെ ഒന്നു സൂക്ഷിച്ചോളണം".

ഗംഭീരനായ ബാപ്പ മെതിയടിപ്പുറത്തു നിന്ന മലയെ ഇളക്കുന്ന ഭാവത്തിൽ ബന്ധുവിനെ നോക്കിയിട്ട് പറഞ്ഞു: "സലീം എന്റെ മോനാണ്, വളഞ്ഞ മാർഗ്ഗം കണ്ടാൽ പിന്തിരിഞ്ഞു കളയും".

ബന്ധു സ്വല്പം പകച്ചുകൊണ്ട് തുടർന്നു: "പക്ഷെ, മഞ്ഞമുള പോലെ നേർത്ത ഒരു ക്രിസ്ത്യാനിപ്പെണ്ണുമായി ചിരിച്ചു രസിച്ച്, എന്നും പാർക്കിലെ കാറ്റുമേറ്റ് നടപ്പുണ്ട്".

ബാപ്പ സ്തംഭിച്ചു പോയി. "നേര് പറ".

"മൂന്നു ദിവസം ഞാൻ കണ്ടതാണ്. ആപ്പീസിൽ അട്ടുത്തടുത്താണ് ഇരിപ്പും".

വീട്ടിൽ കൊടുങ്കാറ്റിന്റെ ആരംഭമായി. ഉപദ്രവികളായ ഈ നശിച്ച ബന്ധുക്കൾ കള്ളം പറയുന്നു. ഇക്ക എന്ന മഹാപുരുഷൻ ഇടക്കു പ്രാർത്ഥിക്കാറുള്ള വാചകം അവൾ ഓർത്തു: "സർവ്വലോകങ്ങളുടെ സ്രഷ്ടാവെ! ഈ ബന്ധുക്കളുടെ ചുംബനങ്ങളിൽനിന്ന് അങ്ങെന്നെ കാത്തു രക്ഷിക്കേണമേ! ശത്രുക്കളുടെ വെട്ടുംകുത്തും ഞാൻ തടഞ്ഞു കൊള്ളാം".

തുകൽസഞ്ചിയിൽ ബിസ്കറ്റുമായി ഇക്ക വന്നു കയറിയപ്പോൾ ഉമ്മയും ബാപ്പയും മിണ്ടിയില്ല. ഇക്ക ചിരിച്ചുകൊണ്ട് അങ്ങുമിങ്ങും നടന്നു ക്ഷമ കെട്ടപ്പോൾ അവളെ വിളിച്ചു ചോദിച്ചു: "ഉമ്മയും ബാപ്പയും ഏകാന്ത തടവുകാരെപ്പോലെ കഴിയുന്നതെന്താ?"

അവൾ രഹസ്യമായി സംഭവം പറഞ്ഞു. അപ്പോൾ സലീം എന്ന മഹാപുരുഷൻ ലഘുവായി വിളറിയെന്നു തോന്നി. അവളെ അണച്ചുപിടിച്ച് ഞെരുക്കമുള്ള തലമുടിയിൽ ഇളങ്കാറ്റടിക്കുന്ന പ്രതീതിയുണ്ടാകുമാറ് അതിലോലമായി തലോടിക്കൊണ്ട് പതുക്കെ ചോദിച്ചു: "നല്ലവളായ ഒരു നാത്തൂനെ നീ ഇഷ്ടപ്പെടുകയില്ലെ?"

അവൾ തെല്ലുനേരം പകച്ചുനിന്നിട്ട് ആഹ്ലാദത്തോടെ ഉത്തരം കണ്ടെത്തി: "ഇസ്ലാമാണെങ്കിൽ കല്ലുവെച്ച ഒരു പൊൻമോതിരം ഞാൻ ഇട്ടുകൊടുക്കും".

വിളറിയ പുഞ്ചിരിയോടെ ഇക്കാ പറഞ്ഞു: "അവൾ ഈസാനബി അലഹിസ്സലാമിന്റെ ഒരു കുഞ്ഞാടാണ്. അതിനാൽ മോതിരം വേണ്ട. ഒരു കറുത്ത കുപ്പി വള കൊടുക്കുമോ?"

മുഖം ചുവന്നുപോയി. തിട്ടമായി പറഞ്ഞു: "ഹില്ല. ഞാനവൾക്ക് ചൂലുകൊണ്ട് ഒരസ്സലടി വെച്ചുകൊടുക്കും".

ഇക്ക എന്ന മഹാൻ കുലുങ്ങിയില്ല: "അവൾ മനോഹരമായി കെസ്സുപാട്ടുകൾ പാടും. കേൾക്കുമ്പോൾ നിന്റെ കരളിൽ പളുങ്കുപോലെ ഒരാലിപ്പഴം അമർന്നിരുന്നു ചിരിച്ചുചിരിച്ച് അലിയുന്ന പോലെ തോന്നും".

പറയുമ്പോൾ മഹാപുരുഷൻ കുളിരണിയുന്നുണ്ടായിരുന്നു. ഒരു പെണ്ണിനെപ്പറ്റി ഇങ്ങിനെ സ്തുതിച്ചു പറയാൻ നാണമില്ലല്ലോ!

പക്ഷെ ബാപ്പയും ഉമ്മയും ദിവസം മുഴുവനും തീവ്രമായ മൗനം അവലംബിക്കുകയും മുഖം വീർപ്പിച്ചു കിടക്കുകയും ചെയ്തു. ഇക്ക പറഞ്ഞു: "പുള്ളികൾ ശീതസമരം തുടങ്ങിയിരിക്കുന്നു. നമ്മുടെ പ്രിയ ഉമ്മബാപ്പമാരെ എപ്പോളാണ് തേള് കുത്തിയത്?"

വിളറിയ ചിരിയുമായി ഇക്ക അതിരാവിലെ പോയി.

പിന്നെ വന്നതു് നാലുകെട്ടിൽ ഉഗ്രമായ കൊടുങ്കാറ്റ് ഇളക്കി വിടാൻ വേണ്ടിയായിരുന്നു. ഊണു കഴിഞ്ഞു വിശ്രമിക്കുമ്പോൾ പതിവുപോലെ മുഖം വീർപ്പിച്ചിരിക്കുന്ന ഉമ്മയോടു ഇക്ക പുഞ്ചിരി വിടാതെ തന്നെ എന്തോ പറഞ്ഞു. പെട്ടെന്നു ഉമ്മ ചാടിയെണീറ്റു, ബാപ്പയുടെ മുമ്പിലേക്കു കൊടുങ്കാറ്റുപോലെ ഓടി.

"കേട്ടോ! കുരുത്തം കെട്ട പൊന്നാരമോന്റെ തീരുമാനം".

"ഹെന്തെന്ന് പറ". ബാപ്പ രൂക്ഷമായി നോക്കി.

ദേഹം മുഴുവൻ ധരിച്ചിരുന്ന ആഭരണങ്ങൾ കിലുക്കിക്കൊണ്ട് ഉമ്മ പറഞ്ഞു: "പുന്നാരമോൻ ആ നസ്രാണിപ്പെണ്ണിനെക്കെട്ടാമ്പോണെന്ന്!"

ബാപ്പ ഭൂകമ്പമുണ്ടായപോലെ ഞെട്ടിയിട്ട് ഉമ്മയെ തുറിച്ചുനോക്കി. ചുണ്ടിലിരുന്ന വലിയ ചുരുട്ടിൽനിന്നു പുറപ്പെട്ട പുകപടലം ഒരു മേഘം പോലെ വരാന്തമുഴുവൻ തിങ്ങി നിറഞ്ഞു.

ബാപ്പ ഗർജ്ജിച്ചു: "എവിടെ ഇബ്ലീസിന്റെ കുതിര?"

നാലുകെട്ടിൽനിന്നു വിളറിയ മുഖവും കുനിച്ച്, സലീം എന്ന മഹാപുരുഷൻ ഒരു നവവധുവിനെപ്പോലെ മന്ദം നടന്നുവന്നു ബാപ്പയുടെ വലിയ ചാരുകസേരയോടു ചേർന്നു നിന്നു. കവിളിൽ ഒരു തുള്ളി ചോരയില്ല.

ബാപ്പയുടെ ചോരക്കണ്ണുകൾ എരിഞ്ഞു.

"അപ്പൊ നീ തീരുമാനിച്ചല്ലെ?"

ഇക്ക ദയനീയമായി വിളറി. മനോഹരമായ പാട്ടുകളിൽ ഇമ്പം ചേർത്തിരുന്ന സ്വരം ഇടറി.

"അഞ്ചു കൊല്ലം അവൾ എന്നെ വിശ്വസിച്ചു കാത്തിരുന്നു. അവളിൽ ഗുണങ്ങൾ മാത്രമെ ഞാനിക്കാലമത്രയും കണ്ടുള്ളൂ. ദോഷം കണ്ടില്ല. ഇനി അവളെ നീറ്റിത്തീർക്കാൻ എനിക്ക് കരുത്തില്ല".

ബാപ്പ ചീറി: "ഞായം! എന്നാൽ നീ അതു നടത്തി അവളുമായി ആനപ്പൊറത്തിരുന്നു ഈ പടിവാതില് കടന്നേക്കരുത്. കല്പനയാണ്. കടന്നാ തട്ടിന്മോളിൽ ഒരു തോക്കുണ്ട്. ഒരുണ്ട നിനക്ക്. ഒരുണ്ട നിന്റെ പുന്നാരനസ്രാണിച്ചിക്കും. പൊയ്ക്കോ!"

മഹാപുരുഷൻ പൊട്ടിക്കരയുമെന്നു തോന്നി. വിളറി വെളുത്ത മുഖം മെല്ലെ ഉയർത്തി ഉമ്മയെ നോക്കി. "ഉമ്മാ!"

ഉമ്മയിൽനിന്ന് ഒരു വല്ലാത്ത തേങ്ങിക്കരച്ചിലും ചെറിയ അലർച്ചയും പുറപ്പെട്ടു. "പൊയ്ക്കോ! നീ കെടന്ന വയറ്റത്തു കുത്തി".

ഇക്ക വിളിച്ചു: "ഐഷാ!"

അവൾ ഒന്നും തിരിയാത്ത മട്ടിൽ ആ വെളുത്ത ദേഹത്തോടു ചേർന്നുനിന്നു. അവൾ കരഞ്ഞു പോകുമെന്നു തോന്നി. മെല്ലെ തലമുടിയിൽ തടവിക്കൊണ്ട് ഇക്കാ ചോദിച്ചു: "പോകട്ടെ?"

അവളുടെ മിഴികളിൽ രണ്ടു തുള്ളികൾ ഉറഞ്ഞുകൂടുമ്പോൾ വിളറിയ മുഖം കുനിച്ചുപിടിച്ചുകൊണ്ട് ഇക്ക ഗേറ്റു കടന്നു മറയുന്നതു കണ്ടു.

രണ്ട് ദിവസം കഴിഞ്ഞു കമ്പി വന്നു: കൊണ്ടു വന്ന ശിപായി അർത്ഥം പറഞ്ഞുകൊടുത്തു. "മേരിയെ വിവാഹം ചെയ്തു – സലീം".

എരിഞ്ഞുകൊണ്ടിരുന്ന വലിയ ചുരുട്ട് ബാപ്പയുടെ കയ്യിൽനിന്നു താഴെ വീണു. തെല്ല് നേരം സ്തംഭിച്ചിരുന്നിട്ട് ഉറച്ച കാൽവെപ്പുകളോടെ നാലുകെട്ടിലേക്ക് കടന്നുചെന്നു. ഉമ്മ നിസ്കാരം കഴിഞ്ഞു പ്രാർത്ഥിക്കുകയായിരുന്നു: "തമ്പുരാനെ! സലീമിന്നു നല്ല ബുദ്ധി തോന്നിക്കണേ!"

ബാപ്പ കഠിനമായ കോപത്തോടെ, കമ്പി വാചകമെഴുതിയ കടലാസ് ചുരുട്ടി ഒരു ഗോളമാക്കി ഉമ്മയുടെ വെളുത്ത മുഖത്തേക്കു ആഞ്ഞെറിഞ്ഞിട്ട് അലറി: "നിന്റെ ദുആ അല്ലാഹു സ്വീകരിച്ചെടീ!"

ഉമ്മ ഞെട്ടി വിറച്ചു: "ഹെന്ത്?"

"അവൻ നമ്മൾക്കു കമ്പിയടിച്ചിരിക്കണ്. ഞാൻ നസ്രാണിച്ചി മേരിയെ കെട്ടി ആനപ്പുറത്തിരുത്തീട്ടുണ്ട് – പ്രിയ പുത്രൻ സലീം; എന്ന്".

ഉമ്മ തുറിച്ചുനോക്കി ഇരുന്നിട്ട് ബോധശൂന്യയായി വീണു. മുഖത്തു പനിനീർ തളിച്ചിട്ടും വളരെ കഴിഞ്ഞേ കണ്ണു തുറന്നുള്ളൂ. ദിവ്യവെളിപാടുണ്ടായ പോലെ പറഞ്ഞു: "അവൻ എന്റെ മോനല്ല".

കനത്ത മെതിയടിയിട്ടടിച്ച് ബാപ്പ കോണിപ്പടികൾ കയറി മുകളിലേക്കു പോകുമ്പോൾ താഴെയുള്ള സർവ്വവും തകർക്കുമെന്നു തോന്നി. ഭയന്നു നടുങ്ങിയ അവൾ ഉള്ളിൽ വിങ്ങിപ്പൊട്ടി.

"പാവപ്പെട്ട ഇക്ക".

ബാപ്പ പുതിയ കാശ്മീർ സാൽവ കൊണ്ടുതന്നെ തോക്കെടുത്തു അമർത്തിത്തുടച്ചു. മിനുക്കം തൃപ്തികരമാകാഞ്ഞിട്ട് ഒന്നുകൂടി അമർത്തി ഉഴിഞ്ഞു. മരുന്നു നിറച്ചു ചെറിയ ഉണ്ടകൾ ഇടുന്നതു കണ്ടപ്പോൾ അവൾ ഏങ്ങിക്കരഞ്ഞു പോയി. ബാപ്പ തോക്കുമായി ഉമ്മയുടെ മുമ്പിൽ വന്നുനിന്നു. മെതിയടി ആഞ്ഞു ചവുട്ടിക്കൊണ്ട് യുദ്ധം പ്രഖ്യാപിച്ചു: "അവനും അവന്റെ കള്ളമൂരിയും പടി കടക്കണ നേരം ഞാനില്ലെങ്കിൽ വിളിപ്പിക്കണം. ഒറക്കമാണെങ്കിലൊണർത്തണം. തോക്ക് നെറച്ചു വെച്ചിട്ടുണ്ട്".

പിന്നെ നാലുകെട്ടിനുള്ളിൽ എപ്പോഴും ഒരു യുദ്ധത്തിന്റെ അന്തരീക്ഷം തന്നെയായിരുന്നു. ഏത്തപ്പഴത്തോളം വലിയ ചുരുട്ട് ബാപ്പ ഏഴെട്ടെണ്ണം വീതം ദിവസവും വലിക്കുകയും സർവ്വരോടും കോപിക്കുകയും ചെയ്തു. അവൾ അടുത്തു ചെല്ലുമ്പോൾ ദഹിപ്പിക്കാൻ പോകുന്ന വിധം നോക്കിയിട്ട് പറയും: "ഫോ മൂമ്പീന്ന്. അവന്റെ പുന്നാരപ്പെങ്ങളല്ലെ?"

ഇക്ക അയച്ച ആദ്യത്തെ കത്ത് അവളാണ് ആദ്യം തുറന്നു വായിച്ചതു്. "ഒരു ചെറിയ വാടകവീട്ടിൽ ഞങ്ങൾ സുഖമായി ജീവിക്കുന്നു. മുറ്റത്ത് ഒരു പൂന്തോട്ടം വെച്ചുപിടിപ്പിക്കുന്നുണ്ട്. ഞങ്ങൾ ഒരുമിച്ച് ഓഫീസിൽ പോവുകയും വരുകയും ചെയ്യുന്നു. അവൾ ഭംഗിയായി പാകം ചെയ്യും. ജീവിതം പ്രതീക്ഷിച്ചതിലേറെ ഓരോ ദിവസവും സന്തോഷമേറിയതായി തോന്നുന്നതുകൊണ്ട്, അങ്ങോട്ടു വന്നു വെടിയേറ്റു മരിച്ചുകളയുന്നത് ബുദ്ധിയാണോ എന്നറിയിക്കാൻ ദയവുണ്ടാകണം".

എഴുത്തു് ബാപ്പയ്ക്കു കൊടുത്തു. അതിരൂക്ഷമായി ഓടിച്ചുനോക്കിയിട്ട് കീറി പഞ്ഞിപോലെ കാറ്റിൽ പറത്തുമ്പോൾ പറഞ്ഞു: "അവളവനു പന്നിയിറച്ചി സൂപ്പ് നന്നായി വെച്ചു കൊടുക്കുന്നുണ്ടത്രെ. ഇബ്ലീസും അവന്റെ മൂരീം!"

ഒരു ക്രിസ്ത്യാനിപ്പെണ്ണിനെ വിശുദ്ധ ഖുർആനിലെ നിയമങ്ങൾക്കു വിരുദ്ധമായി വിവാഹം ചെയ്തവന്റെ കത്ത് തൊടുകയെന്ന തെറ്റു ചെയ്തതിന്നു അദ്ദേഹം കൈ കഴുകി.

ബന്ധുക്കൾ പറ്റമായി വന്നു ഉമ്മയുടേയും ബാപ്പയുടേയും ഭാഗം ചേർന്നു ഏഷണി പറഞ്ഞു: "സലീമിനു നട്ടെല്ലുണ്ടെന്നു തെറ്റായി വിചാരിച്ചുപോയി. ഒരു ഈർക്കിൽ നസ്രാണിപ്പെണ്ണ് ഒരു നോട്ടത്തിന്ന് അതു വലിച്ചൂരി മടിയിൽ വെച്ചതു കണ്ടില്ലേ?"

മറുപടി കിട്ടാതെ തന്നെ ഇക്ക സുഖവിവരങ്ങൾക്ക് കത്തെഴുതിക്കൊണ്ടിരുന്നു. മുറ്റത്തു പൂന്തോട്ടം പുഞ്ചിരിക്കാൻ തുടങ്ങിയത്രെ. അടി, കത്തിക്കുത്ത്, അതിരുതർക്കം തുടങ്ങിയ കേസ്സുകളിൽ വാദി പ്രതികളായി പട്ടണത്തിൽ പോയി താമസിച്ചു തിരിച്ചുവന്ന ബന്ധുക്കൾ പരിഹാസപൂർവ്വം പറഞ്ഞു: "ഭാര്യയും ഭർത്താവും ഉരുമ്മിച്ചേർന്ന് പരമരസമായി ഉല്ലസിച്ച് എന്നും പാർക്കിൽ നടപ്പുണ്ട്. സലീം തടിച്ചിട്ടുമുണ്ട്".

ബാപ്പ പുച്ഛിച്ചു തുപ്പി: "അവളുടെ പന്നിയിറച്ചി സൂപ്പ് അവന്റെ നട്ടെല്ലൂരിപ്പോയ തടിയ്ക്കു പിടിച്ചെന്നു സാരം".

ഒരു ദിവസം അവളുടെ പേരിൽ പാർസൽ വന്നു— ജീവിതത്തിൽ ഒരു സുപ്രധാനസംഭവം. തുറന്നു നോക്കുമ്പോൾ കണ്ണഞ്ചിപ്പിക്കുന്ന ബ്ലൗസ്സും പാവാടയും പൂവുകൾ തുന്നിപ്പിടിപ്പിച്ച അരഡസൻ തൂവാലകളുമാണ്. കൂടെ നക്ഷത്രങ്ങളുടെ ചന്തമുള്ള അക്ഷരങ്ങളിൽ ഒരെഴുത്തും: "കൊച്ചു നാത്തൂൻ അവർകൾക്ക് ഞാൻ തന്നെ തയ്ച്ച ബ്ലൗസ്സും പാവാടയും തൂവാലകളും അയയ്ക്കുന്നു. അണിഞ്ഞ് ഒരു പൂമ്പാറ്റയെപ്പോലെ നൃത്തം ചെയ്യണേ!"

"എന്നെ അടിക്കാനുള്ള ചൂല് ബലമുള്ള ഈർക്കിൽ കൊണ്ട് വലിയ സൈസിൽ തന്നെ തയ്യാറാക്കി വെച്ചിരിക്കണം എന്ന് സലീം രാജകുമാരൻ കല്പിച്ചിരിക്കുന്നു".

"ചാമ്പയ്ക്കക്കവിളിൽ ഒരുമ്മം തരാൻ കൊതിയായിട്ട് അടങ്ങിയിരിക്കാൻ വയ്യാ കേട്ടോ!" – മേരി.

എഴുത്തു നൂറുതവണ വായിച്ചു. കണ്ണുകൾ നിറഞ്ഞു തുളുമ്പി. ബ്ലൗസ്സും പാവാടയും അണിഞ്ഞപ്പോൾ അത്ഭുതകരമായി ഇണങ്ങിയിരിക്കുന്നു. മേലിൽ സലീം എന്ന മഹാപുരുഷന് പീറത്തുണികളെടുക്കാനേ കഴിയൂ എന്ന് തീരുമാനിക്കുകയും ചെയ്തു.

ഒരു ദിവസം കമ്പി വന്നു: "പേരക്കുട്ടി പിറന്നു. ഓമനക്കുട്ടൻ സൗഖ്യമായിരിക്കുന്നു".

ബാപ്പ കമ്പിവാചകം കുറിച്ച കടലാസ് ആറായി കീറി മുറപ്രകാരം കാറ്റിൽ പറത്തി. എന്നിട്ട് അലമാര തുറന്ന് തോക്കെടുത്തു അത്തർ പുരട്ടിയ കാശ്മീർ ഷാൾ കൊണ്ടുതന്നെ അമർത്തിത്തുടച്ചു യഥാസ്ഥാനത്തു തന്നെ വെച്ചു.

കാര്യം മുൻകൂറായി എങ്ങിനെയോ ഗ്രഹിച്ച് കയ്പും മധുരവും ചേർന്ന എന്തോ പാനീയം കഴിച്ച ഭാവത്തിൽ നിൽക്കുന്ന ഉമ്മയോട് ബാപ്പ പറഞ്ഞു: "നിന്റെ മരുമകൾ മൂരി ഒരാൺകുട്ടീനെ പെറ്റു".

വളരെ നാളുകൾക്ക് ശേഷം കരച്ചിലും ചിരിയും കലർന്ന മുഖഭാവത്തോടെ ഉമ്മ പരിഭവപൂർവ്വം പറഞ്ഞു: "അതിനെ വെടിവെക്കാൻ തോക്കു തുടച്ചപ്പ കൈ വിറച്ചില്ലല്ലോ!"

ബാപ്പ ധൈര്യം വിടാതെ ചോരക്കണ്ണുകൾ കൊണ്ട് നോക്കി. എന്നിട്ട് മുഖം തിരിച്ചു കളഞ്ഞു. ചുരുട്ടു കറ പിടിച്ച തടിയൻ വിരലുകൾ തകൃതിമായി ഞെരിച്ചൊടിക്കുന്ന ശബ്ദം മാത്രം കേട്ടു.

അന്നു രാത്രി കുഞ്ഞിക്കൈകൾ ഇളക്കിക്കളിക്കുന്ന ഒരിളം പൈതലിനെ വാരിയെടുക്കുന്നതായി അവൾ സ്വപ്നം കണ്ടു. തക്കാളിക്കവിളുകളും ഞാവൽപ്പഴമിഴികളുമുള്ള ഒരോമനക്കുട്ടൻ. വെളുത്തതോ കറുത്തതോ എന്നു മാത്രം ഓർമ്മയില്ല. പക്ഷെ, കുഞ്ഞുവിരലുകൾ കവിളത്തു തട്ടി ദേഹമാകെ പൊട്ടിപ്പരന്ന രോമാഞ്ചം ഉണർന്നപ്പോഴും ഉണ്ടായിരുന്നു.

തുകൽപ്പെട്ടി നിലത്തുവെച്ചിട്ട് ഇക്ക പുഞ്ചിരി തൂകി: ബാപ്പയുണ്ടോ?

"തേച്ചുകുളിയിലാണ്".

കുസൃതിച്ചിരിയോടെ ഇക്ക പറഞ്ഞു: "നിർത്തിപ്പൊരിച്ച ഒരൊട്ടകത്തെ പ്രാതലിന്നു ശാപ്പിടുന്ന മൂന്നു കെട്ടിയ അറബിയെ തിരക്കുന്നുണ്ട്. കണ്ടെത്തിയാൽ ഒരു തോല അറബിപ്പൊന്നു റൊക്കം വിലക്ക് നിന്നെ പിടിച്ച് വിൽക്കുന്നുണ്ട്".

അവൾ നന്നെ ലജ്ജിച്ചുപോയി. എങ്കിലും ഉറക്കെ വിളിച്ചു പറഞ്ഞു: "ഉമ്മാ, ഇക്ക വന്നു. വെളുത്ത് തടിച്ചിരിക്കണ്".

കൽക്കണ്ടം മേമ്പൊടി ചേർത്തു് സ്വല്പം തിക്തക കഷായം നുണഞ്ഞ ഭാവത്തിൽ ഉമ്മ പ്രത്യക്ഷപ്പെട്ടു. മകനെ അടിമുടി ഉഴിഞ്ഞു നോക്കി. മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളിൽ വളരെ മെല്ലെ ഒരു പുഞ്ചിരിയുടെ മൊട്ട് വിരിഞ്ഞു, ക്രമേണ വിടർന്നു.

"മോനേ! നീ ഞങ്ങളെ മറന്നെന്നു കരുതിപ്പോയി".

സലീം എന്ന മഹാ പുരുഷൻ പറഞ്ഞു: "അതിന് എന്നെ വെടിവെച്ചു കൊന്നാലേ പറ്റൂ".

ഉമ്മ അതിവാത്സല്യത്തോടെ മകന്റെ കവിളിൽ തടവി. എന്നിട്ട് മടിച്ചുമടിച്ചു ചോദിച്ചു: "എന്റെ പേരക്കിടാവിനെ നീ കൊണ്ടു വന്നില്ലേ?"

മകൻ മുഖം കുനിച്ചു നിൽക്കുക മാത്രം ചെയ്തു. പുഞ്ചിരി തൂകുന്നുണ്ട്.

"പറയൂലേ? ഞാനൊന്നെടുത്ത് പുന്നാരിച്ചിട്ട് നീ കൊണ്ട് പൊയ്ക്കോ!"

മകൻ മുഖമുയർത്താതെ ഹൃദ്യമായി പുഞ്ചിരി തൂകിക്കൊണ്ട് ഗേറ്റിനു നേരെ നടന്നുചെന്നു. എന്നിട്ട് പുറത്തേക്കു നോക്കി വിളിച്ചു: "മയിപ്പെണ്ണേ!"

വർണ്ണോജ്വലമായ സാരിയണിഞ്ഞു, ചുമന്ന ചുണ്ടിൽ പൂവിന്റെ നൈർമ്മല്യവും മനോഹാരിതയുമുള്ള പുഞ്ചിരിയുമായി വെളുത്തു് മെലിഞ്ഞു, ഹൂറിയെപ്പോലെ സുന്ദരിയായ ഒരു യുവതി മെല്ലെ നടന്നു വന്നു. മാറോട് ചേർന്നു കുഞ്ഞുടുപ്പുകളണിഞ്ഞ വെളുത്തുതുടുത്ത ഒരാൺകുഞ്ഞു്.

മകൻ പറഞ്ഞു: "അവൾ മതിലിന്നപ്പുറം പേടിച്ച് വിറച്ചു നിൽക്കുകയായിരുന്നു—വെടിയുടെ ശബ്ദവും ശ്രദ്ധിച്ചുകൊണ്ട്".

ഉമ്മ വെളുത്തുതുടുത്ത കുഞ്ഞിനെ നോക്കി. എന്നിട്ട് ആർത്തിയോടെ വാരിയെടുത്തു. കൊച്ചു ഞാവൽപ്പഴക്കണ്ണുകളിലേക്ക് കൊതിയോടെ നോക്കിയിട്ട്, കവിളിൽ ചുംബിക്കുമ്പോൾ ഉമ്മ വിളിച്ചു: "കുഞ്ഞിക്കരളേ!"

ബാപ്പ വിസ്തരിച്ച തേച്ചുകുളി കഴിഞ്ഞു വരുമ്പോൾ നാലുകെട്ട് മുഴുവൻ ഉമ്മ ചിരിച്ചാർത്തു നടക്കുകയാണ്. മാറോട്ട് പറ്റിച്ചേർന്ന് വെളുത്തുതുടുത്ത കുഞ്ഞും.

രണ്ടുനിമിഷം പകച്ചുനോക്കി നിന്നിട്ട് ബാപ്പ ഗംഭീരമായി ചോദിച്ചു: "അപ്പൊ, നീ ഞങ്ങളെ മറന്നിട്ടില്ല?"

ഉമ്മയുടെ മാറിൽ പറ്റിച്ചേർന്നിരുന്നു കുണുങ്ങിയിരുന്ന വെളുത്തുതുടുത്ത കുഞ്ഞ് ബാപ്പയുടെ നേരെ കൊഴുത്ത കുഞ്ഞിക്കൈകൾ നീട്ടി. തുടുത്ത ഇളംവിരലുകളും തക്കാളിക്കവിളുകളും, ഇളംചുണ്ടുകളിൽ പളുങ്കൊലി ചിതറുന്ന ചിരിയുടെ പൂരം.

ബാപ്പ ഗംഭീരമായി ചോദിച്ചു: "എന്റെ പേരക്കുട്ടീടെ പേരെന്ത്?"

മകൻ പുഞ്ചിരിയോടെ പറഞ്ഞു: "കുഞ്ഞുമോൻ".

ബാപ്പ വെണ്ണക്കിടാവിനെ ബലിഷ്ഠമായ കൈകൾകൊണ്ട് വാരിയെടുത്തു. വിരിമാറിൽ പറ്റിച്ചേർന്നിരുന്ന പിഞ്ചു കൈകൾകൊണ്ട് മാറിലെ രോമക്കൂട്ടം ഇറുക്കി വലിച്ചു രസിച്ചപ്പോൾ ബാപ്പ പറഞ്ഞു: "മിടുക്കൻ!"

ബാപ്പ ഉമ്മയുടെ നേരെ നോക്കി ഗൗരവപൂർവ്വം ചോദിച്ചു: "കറിക്ക് ഇറച്ചി കിട്ടിയോ?"

"ഹില്ല".

ബാപ്പ മകന്റെ നേരെ നോക്കി ഒരു നിമിഷം നിന്നിട്ട് മുഖം കുനിച്ചുകൊണ്ട് വളരെ പതുക്കെ പറഞ്ഞു: "മാവിന്മേൽ പോണക്കൂട്ടമിരിപ്പുണ്ട്. രണ്ടെണ്ണത്തെ വെടിവെക്കാം. നീ തോക്കെടുത്ത് കൂടെ വാ... നിറയുള്ള തോക്കാണ് സൂക്ഷിച്ചെടുക്കണം".

കുഞ്ഞിനെ മാറിൽനിന്ന് മടിയോടെ എടുത്തു മരുമകളെ ഏൽപ്പിക്കുമ്പോൾ, ബാപ്പയുടെ ചോരക്കണ്ണുകളിൽ രണ്ടു പനിനീർത്തുള്ളികൾ ഊറിക്കൂടുന്നതു് കണ്ടു.

സലീം തോക്കെടുക്കാൻ പോകുമ്പോൾ, മേരി കണ്ണുകളിൽ നനവുമായി തിരിഞ്ഞുനിന്ന് സൂത്രത്തിൽ കുരിശു വരയ്ക്കുകയായിരുന്നു.

□

## കെ. യു. അബ്ദുൾ ഖാദർ (1934–2012)

ഭാര്യ: കെ. എ. ആയിഷാബി

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.